# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ T3856

12-12-2018-ലെ മറുപടിയ്ക്ക്

**ദുരിതാശ്വാസ നിധി**

| **ചോദ്യം**<br>**ശ്രീ. എ. എം. ആരിഫ്** | **മറുപടി**<br>**പിണറായി വിജയൻ**<br>**മുഖ്യമന്ത്രി** |
|---|---|
| എ) സംസ്ഥാനം കണ്ട ഏറ്റവും വലിയ പ്രളയ ദുരിത-പുനരധിവാസത്തിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സർക്കാർ-അർദ്ധ സർക്കാർ ജീവനക്കാർ ഇതുവരെ നൽകിയ തുകയുടെ വിശദാംശം ലഭ്യമാക്കുമോ; | സർക്കാർ ജീവനക്കാരുടേയും അദ്ധ്യാപകരുടേയും ഇതു സംബന്ധമായ സംഭാവന ഒരു പ്രത്യേക ട്രഷറി അക്കൗണ്ടിലാണ് സമാഹരിയ്ക്കുന്നത്. പ്രസ്തുത അക്കൗണ്ടിൽ 591,24,83,548 രൂപ സംഭാവനയായി എത്തിയിട്ടുണ്ട്.(10/12/18 – 10 AM വരെ ) അർദ്ധസർക്കാർ ജീവനക്കാരിൽ നിന്ന് ലഭിച്ച തുകയുടെ വിവരങ്ങൾ ക്രോഡീകരിച്ച് വരുന്നു. |
| ബി) പ്രളയ ദുരിതത്തിന്റെ പശ്ചാത്തലത്തിൽ ജീവനക്കാർക്ക് ലഭിച്ചുകൊണ്ടിരുന്ന ഏതെങ്കിലും ആനുകൂല്യങ്ങൾ തടയുകയോ കുറവുവരുത്തുകയോ ചെയ്തിട്ടുണ്ടോ ; | പ്രളയവുമായി ബന്ധപ്പെട്ട് സർക്കാർ ജീവനക്കാരുടെ 2017-2018 സാമ്പത്തിക വർഷത്തെ ഉത്സവബത്ത ദുരിതാശ്വാസ നിധിയിലേയ്ക്ക് ഈടാക്കിയിട്ടുണ്ട്. |
| സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്കുള്ള ധനസമാഹരണത്തിൽ ഇതുവരെ എത്രശതമാനം ജീവനക്കാർ സഹകരിച്ചിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്കുകൾലഭ്യമാക്കുമോ? | പ്രളയ ദുരിതാശ്വാസ നിധിയുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കുള്ള ധനസമാഹരണത്തിൽ 06/12/2018 വരെ 57.33% സർക്കാർ ജീവനക്കാർ പങ്കാളികളായിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ പ്രത്യേകമായി ലഭ്യമല്ല. |

**സെക്ഷൻ ഓഫീസർ**